ശ്രീ. സി കേശവൻ: ഈ ഗവമ്മെണ്ടിന്റെ ആവശ്യപ്രകാരം നിയമിച്ചിട്ടുള്ളതാണ്.

ശ്രീ. എ. താണുപിള്ള: രണ്ടുവർഷം നീട്ടിക്കൊടുത്തത് ഇൻഡ്യാ ഗവമ്മെണ്ടോ ഈ ഗവമ്മെണ്ടോ?

ശ്രീ. സി. കേശവൻ: ഇവിടത്തെ ഗവമ്മെണ്ടു് ആവശ്യപ്പെട്ടു. ഇൻഡ്യാ ഗവമ്മെണ്ടു് അനുവദിച്ചു.

ശ്രീ. സി. സി. പ്രസാദു്: അവധിക്കപേക്ഷിക്കുവാൻ ചീഫ് സെക്രട്ടറിയോടു് മന്ത്രിമാരിലാരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ലീവിനു് അപേക്ഷിക്കുന്നതു് അവരവരുടെ ഇഷ്ടപ്രകാരമാണ്.

Sri. D. Gnanasigamoni: May I know who takes the initiative in these appointments; is it the Government of India or this Government?

Sri. C. Kesavan: The Government of Travancore-Cochin.

നിരാഹാരസത്യഗ്രഹം

*൪൪൨. (൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൯൪൦ ജനുവരി ൧-ാംതു-ക്കുശേഷം തിരുവിതാംകൂർ കൊച്ചി ജയിലുകളിൽ തടവുകാർ നിരാഹാരസത്യഗ്രഹം തുടങ്ങിയിട്ടുണ്ടോ;

(ബി) എത്ര പ്രാവശ്യം;

(സി) ആരെല്ലാം; കാരണമെന്താണെന്നു പറയുവാൻ മയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്.

(ബി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ ഒരു പ്രാവശ്യവും വിയ്യൂർ സെൻട്രൽ ജയിലിൽ രണ്ടു പ്രാവശ്യവും.

(സി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ ശ്രീ. എൻ. ശ്രീകണ്ഠൻ നായരും വിയ്യൂർ ജയിലിൽ താഴെ പറയുന്ന ൧൪ പേരും.

൧. ശ്രീ. നാരായണൻനായർ, ൨. ആയ്ച്ചൻനമ്പൂതിരി, ൩. അബ്ദു, ൪. മത്തായി മാഞ്ഞൂരാൻ, ൫. ചാത്തുക്കുട്ടി, ൬. ദേവസ്സിക്കുട്ടി, ൭. കെ. കെ. വായ്പൂർ, ൮. ശ്രീ. കോരപ്പൻ, ൯. ശ്രീ. ആറംബുട്ട്, ൧൦. പ്രഭാകരൻ, ൧൧. രവിവമ്മ, ൧൨. ശ്രീമതി പങ്കി, ൧൩. ശ്രീമതി കാളി, ൧൪. ശ്രീമതി പിലോമിന.

ശ്രീ. സി. വി. ഇമ്മു: ജയിലിൽ സമുദായപ്രാതിനിദ്ധ്യം ശരിയായി അന്വേഷിക്കണമെന്നു നിയമമുണ്ടോ? (ചിരി).

Mr. Speaker: Next question.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ചോദ്യം ൧൨-ൽ (സി) യുടെ ആൻസർ പൂർത്തിയായിട്ടില്ല. അതിന്റെ കാരണം എന്താണെന്നു പറഞ്ഞാൽ കൊള്ളാം?

Mr. Speaker: But we are now at question No. 9.

കാളവ

*൪൪൩. (൩) ശ്രീമതി ദേവകീഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly